Draft #34 of File 3086/AD AI 2/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 17-Sep-2021 02:28 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം -സെൻറർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ -സെക്ഷൻ രൂപീകരണം, സെക്ഷൻ ഓഫീസർമാരുടെ തസ്തിക ക്രമീകരണം, സ്ഥലം മാറ്റം, നിയമനം അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4722/AD A1/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 17.09.2021

---

*പരാമർശം:*-1. ബഹു.വൈസ് ചാൻസലറുടെ ഉത്തരവോടുകൂടിയ 08.09.2021 തീയതിയിലെ വി .സി .702/2/119/2021 നമ്പർ കുറിപ്പ്.

2. സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016

**ഉത്തരവ്**

വിവിധ വിഷയങ്ങളിൽ ഓൺലൈൻ ബിരുദ, ബിരുദാനന്തര കോഴ്സുകൾ 2021-2022 -അക്കാദമിക വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോ സർവ്വകലാശാലകളിൽ നിന്ന് അപേക്ഷ ക്ഷണിക്കുകയും ആയതിൻ പ്രകാരം 13.10.2020 -ൽ കൂടിയ സിൻഡിക്കേറ്റ് DASP -ലെ നിലവിലെ സംവിധാനങ്ങൾ ഉപയോഗിച്ച് സെൻറർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും ചെയ്യുതിന്റെ അടിസ്ഥാനത്തിൽ സെൻറർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ ഡയറക്ടർ ആയി DASP ഡയറക്ടറുടെ ചുമതല വഹിക്കുന്ന ഡോ. റോബിനറ്റ് ജേക്കബിനെ നിയമിക്കുകയും BBA, BCom, MCom ഉൾപ്പടെ യു.ജി, പി.ജി. വിഭാഗത്തിൽ 13 പ്രോഗ്രാമുകൾക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല ഉൾപ്പടെ 42 മുൻ നിര സർവ്വകലാശാലകൾക്ക് വിവിധ വിഷയങ്ങളിൽ ഓൺലൈൻ ബിരുദ, ബിരുദാനന്തര കോഴ്സുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമായി മഹാത്മാഗാന്ധി സർവ്വകലാശാലക്ക് BBA, BCom, MCom ഓൺലൈൻ പ്രോഗ്രാമുകൾക്ക് അംഗീകാരം നൽകിയിരിക്കുന്നു. 2021 നവംബർ മുതൽ ആരംഭിക്കുന്ന ടി പ്രോഗ്രാമിന് ആവശ്യമായ കോഴ്സുകളുടെ രൂപരേഖ, പഠനോപകരണങ്ങൾ, കോഴ്സ് കലണ്ടർ, മറ്റ് അനുബന്ധ നടപടികൾ എന്നിവയ്ക്കായി സർവ്വകലാശാല സെൻറർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ വിഭാഗത്തിൽ ഒരു സെക്ഷൻ അടിയന്തിരമായി രൂപീകരിക്കേണ്ടതുണ്ട് .

മേൽ പരാമർശിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, സർവകലാശാലയിൽ താഴെപ്പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. സർവ്വകലാശാല ഫ്രണ്ട് ഓഫീസ് -4 സെക്ഷൻ നിർത്തലാക്കി സെക്ഷൻ ഓഫീസർ, അസിസ്റ്റൻറ് തസ്തികകൾ സെൻറർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ വിഭാഗത്തിലേക്ക് മാറ്റിയിരിക്കുന്നു. ഫ്രണ്ട്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഓഫീസ് -4 സെക്ഷൻ ഓഫീസർ ശ്രീ. പ്രമോദ് കുമാർ കെ. കെ.-യെ ഇ.ജി.-3 സെക്ഷൻ ഓഫീസർ ആയി സ്ഥലം മാറ്റി നിയമിച്ചിരിക്കുന്നു.

2. ഇ.ജി -3 സെക്ഷൻ ഓഫീസർ ശ്രീമതി. ദേവിക എസ്. ദേവ് -നെ DASP സെക്ഷൻ ഓഫീസർ ആയും DASP സെക്ഷൻ ഓഫീസർ ശ്രീ സാജു ഒ.സി.- യെ സെൻറർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ സെക്ഷൻ ഓഫീസർ ആയും സ്ഥലം മാറ്റി നിയമിച്ചിരിക്കുന്നു.

ഫ്രണ്ട് ഓഫീസ് - 4 സെക്ഷനിലെ അസിസ്റ്റന്റ് ആയ ശ്രീ. മുനേഷ് കെ. ജി., സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ സെക്ഷനിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ പരാമർശം (4) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. പി.എസ് ടു വൈസ് ചാൻസിലർ / പ്രോ-വൈസ് ചാൻസിലർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ഡയറക്ടർ, സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ
5. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
6. ഡയറക്ടർ, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ്
7. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി.യു.
8. പബ്ലിക് റിലേഷൻസ് ഓഫീസർ/പൂൾ ഓഫീസർ (ഭരണവിഭാഗം)
9. കണ്ടന്റ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂ.എ.സി./CITAD
10. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #34 of File 3086/AD AI 2/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 17-Sep-2021 02:28 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം